സഭകളുടെ പരിഗണനയ്ക്ക് സമർപ്പിക്കുകയും വാർഡ് സഭകളുടെ പരിശോധനയ്ക്കു ശേഷം അവരുടെ അഭിപ്രായം കൂടി കണക്കിലെടുത്ത് കൊണ്ട് നഗരസഭാ കൗൺസിലുകൾ ഗുണഭോക്തൃ ലിസ്റ്റിന് അന്തിമ അംഗീകാരം നൽകുന്നു. തുടർന്ന് ലിസ്റ്റ് പൊതുജനങ്ങളുടെ അംഗീകാരത്തിനായി പ്രസിദ്ധീകരിക്കുന്നതാണ്.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അൺടൈഡ് ഫണ്ട്

61 (2184) ശ്രീ. എ. സുജനപാൽ :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീ. എ. പി. അനിൽകുമാർ :
ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അൺടൈഡ് ഫണ്ട് നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ ഇനത്തിൽ എന്തു തുക നൽകിയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ദത്തെടുക്കപ്പെട്ട തദ്ദേശഭരണ സ്ഥാപനം

62 (2185) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. കെ. സി. വേണുഗോപാൽ :
ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുള്ള ഏതെങ്കിലും തദ്ദേശഭരണ സ്ഥാപനത്തെ ഏതെങ്കിലും വിദേശ തദ്ദേശഭരണ സ്ഥാപനമോ, രാജ്യമോ ദത്തെടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം തദ്ദേശഭരണ സ്ഥാപനത്തെയെന്ന് പറയാമോ ;

(ബി) ഇപ്രകാരം ദത്തെടുക്കുന്നതുകൊണ്ട് ആ തദ്ദേശഭരണ സ്ഥാപനത്തിന് എന്ത് പ്രയോജനം ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തിന്റെ ഏതെങ്കിലും തദ്ദേശഭരണ സ്ഥാപനത്തിന്റെ സാംസ്ക്കാരികമോ ചരിത്രപരമോ ആയ വികസനത്തിനുവേണ്ടി ഏതെങ്കിലും വിദേശ തദ്ദേശഭരണ സ്ഥാപനമോ രാജ്യമോ ഏതെങ്കിലും വിധത്തിലുള്ള ബന്ധം സ്ഥാപിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ദത്തെടുത്തിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഇല്ല.

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അധികാരങ്ങളും ചുമതലകളും

63 (2186) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കാര്യത്തിൽ എന്തെല്ലാം അധികാരങ്ങളും ചുമതലകളുമാണ് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിനുള്ളതെന്ന് അറിയിക്കാമോ ;

(ബി) കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പേരിൽ മാറ്റം വരുത്തുന്നതിന് ഗവൺമെന്റ് ഹൈസ്കൂൾ എന്നതിനുപകരം പഞ്ചായത്ത് ഹൈസ്ക്കൂൾ, മുനിസിപ്പൽ ഹൈസ്ക്കൂൾ എന്ന നിലയിൽ മാറ്റാൻ അനുവാദം നൽകുകയുണ്ടായിട്ടുണ്ടോ ?

ഉത്തരം

(എ) 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 3,4,5 പട്ടികകൾ പ്രകാരം അതത് സ്ഥലത്തെ സർക്കാർ പ്രീ-പ്രൈമറി സ്ക്കൂളുകളുടെയും പ്രൈമറി സ്കൂളുകളുടേയും നടത്തിപ്പ് ഗ്രാമ പഞ്ചായത്തിനും സർക്കാർ വ്യവസായ പരിശീലന സ്ഥാപനങ്ങളുടെ നടത്തിപ്പ് ബ്ലോക്ക് പഞ്ചായത്തിനും സർക്കാർ ഹൈസ്കൂളുകൾ, അവയോടനുബന്ധിച്ചുള്ള ലോവർ-അപ്പർ പ്രൈമറി വിഭാഗങ്ങൾ, സർക്കാർ ഹയർ സെക്കന്ററി സ്ക്കൂളുകൾ, സാങ്കേതിക സ്കൂളുകൾ, തൊഴിലധിഷ്ഠിത ഹയർ സെക്കന്ററി സ്കൂളുകൾ, പോളിടെക്നിക്കുകൾ, വിദ്യാഭ്യാസത്തിനും പരിശീലനത്തിനുമുള്ള ജില്ലാ ഇൻസ്റ്റിറ്റ്യൂട്ടുകൾ എന്നിവയുടെ നടത്തിപ്പ് ജില്ലാ പഞ്ചായത്തിനുമാണ്. നഗരപരിധിയിൽ വരുന്ന മേൽപ്പറഞ്ഞ സ്ഥാപനങ്ങൾ അതതു സ്ഥലത്തെ നഗരസഭകളുടെ നിയന്ത്രണത്തിലുമാണ്. ഇവയ്ക്ക് താഴെപ്പറയുന്ന അധികാരങ്ങളും ചുമതലകളുമാണുള്ളത്.

1. മേൽപ്പറഞ്ഞ സ്കൂളുകളുടെ നിയന്ത്രണം.
2. സർക്കാർ സ്കൂളുകൾക്ക് കെട്ടിടങ്ങൾ നിർമ്മിക്കുകയും അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്യുക.
3. സ്കൂൾ കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകുക.
4. പ്രീ പ്രൈമറി സ്കൂളുകളും വ്യാവസായിക പരിശീലന കേന്ദ്രങ്ങളും നടത്തുക.

LIBRARY ARCHIVES Kerala Legislative Assembly